## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 838 — 30.11.2018-ൽ മറുപടിക്ക്

### വനാവകാശ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ആദിവാസികൾക്കും, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനഭൂമിയിൽ അവകാശം നൽകുന്നതിനുള്ള വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ആദിവാസികൾക്കും, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനഭൂമിയിൽ അവകാശം നൽകുന്നതിനുള്ള വനാവകാശ നിയമം നടപ്പിലാക്കിവരുന്നു. നാളിതുവരെയായി 25327 പേർക്ക് 34070.88 ഏക്കർ വ്യക്തിഗത അവകാശങ്ങൾക്കുള്ള കൈവശ രേഖ നൽകിയിട്ടുണ്ട്. ഈ അവകാശം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇനിയും വനാവകാശ നിയമപ്രകാരം വ്യക്തിഗത രേഖ ലഭിക്കുവാനുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി 5593 അപേക്ഷകൾ പുതുതായി ലഭിക്കുകയും അവ എസ്.ഡി.എൽ.സി, ഡി.എൽ.സി എന്നിവയുടെ പരിഗണനയിലുമാണ്. |
| ബി) | ഈ നിയമപ്രകാരം ഭൂമിക്കായി ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര അപേക്ഷകർക്ക് ഭൂമി നൽകിയെന്നും വ്യക്തമാക്കുമോ; | ബി) | നാളിതുവരെയായി 42659 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 25327 പേർക്ക് കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്. 10177 അപേക്ഷകൾ നിരസിക്കുകയും 6350 അപേക്ഷകൾ ഗ്രാമസഭ, എസ്.ഡി.എൽ.സി, ഡി.എൽ.സി എന്നിവയിൽ പെന്റിംഗിലുമാണ്. |
| സി) | ഇനിയും വനാവകാശ രേഖ ലഭിക്കാത്ത ആയിരക്കണക്കിന് ആദിവാസികൾ ഉണ്ടെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | സി) | വനാവകാശ രേഖ ലഭിക്കാനുള്ള അപേക്ഷകളിൽ നടപടിക്രമം പൂർത്തീകരിക്കാൻ എടുക്കുന്ന സമയം മൂലമാണ് മുഴുവൻ അപേക്ഷകളും തീർപ്പാക്കാൻ കഴിയാതെ വരുന്നത്. അപേക്ഷയിൽ പറയുന്ന സ്ഥലം റവന്യൂ ഭൂമിയാണോ, വനഭൂമിയാണോ എന്ന |

| | | | |
|---|---|---|---|
| | | | പരിശോധനയ്ക്കായി സംയുക്ത പരിശോധന വനം, റവന്യൂ വകുപ്പുകൾ യഥാസമയം നടത്താത്തത്, വനം വകുപ്പിൽ നിന്നുള്ള സാങ്കേതിക എതിർപ്പ്, പട്ടയത്തിന് പകരം കൈവശ രേഖയായതിനാൽ ഗുണഭോക്താക്കളുടെ താൽപ്പര്യക്കുറവ് എന്നിവയാണ് കാലതാമസത്തിനുള്ള കാരണങ്ങൾ. |
| ഡി) | നിയമം നടപ്പിലാക്കുന്നതിൽ സംസ്ഥാനം വീഴ്ച വരുത്തി എന്ന് കാണിച്ച് കേന്ദ്ര ആദിവാസി മന്ത്രാലയം ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | ഡി) | നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന ചീഫ് സെക്രട്ടറിക്ക് കേന്ദ്ര സർക്കാരിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട്. നിരസിച്ച അപേക്ഷകൾ അകാരണമായി നിരസിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാനും പരിഗണനയിലുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുവാനും ഡി.എൽ.സി ചെയർമാൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വനം, റവന്യൂ സർവ്വേ വകുപ്പുകളുടെ സഹകരണത്തോടെ വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**